**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 966     05.03.2020 -ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് വകുപ്പിലെ ക്രമക്കേടുകൾ</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | : | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നടന്നതായി ആക്ഷേപമുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള വകുപ്പ് തല നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ?

(എ) & (ബി) 2011-2016 സർക്കാർ കാലയളവിൽ പൊതുമരാമത്ത് പ്രവൃത്തികളിലെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും ആയതിന്റെ ഭാഗമായി 643 ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, കർശന താക്കീത് എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരേ വ്യക്തികൾ തന്നെ നിരവധി ക്രമക്കേടുകളിൽ ഉൾപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്. അച്ചടക്ക നടപടി സ്വീകരിച്ചിരുന്ന സമയത്ത് 576 പേർ സർവ്വീസിൽ ഉണ്ടായിരിക്കുകയും 67 പേർ വിരമിയ്ക്കുകയും ചെയ്തിരുന്നു. വിരമിച്ച ജീവനക്കാരിൽ 38 പേർക്കെതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിക്കുകയും 23 പേരിൽ നിന്നും നിശ്ചിത തുക പെൻഷനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 6 പേർക്കെതിരായ വിജിലൻസ് കേസുകളിൽ നടപടി പൂർത്തിയായിട്ടില്ല.

**സെക്ഷൻ ഓഫീസർ**